# 'കേര നീര'യുടെ പേരിലും തട്ടിപ്പ്

- **ബോട്ടിലിൽ ഫുഡ് ലൈസൻസ് നമ്പറില്ല**
- **യഥാർഥ നീരയല്ലെന്ന് കേന്ദ്ര നാളികേര വികസന ബോർഡ്**

പ്രജോദ് കടയ്ക്കൽ

തിരുവനന്തപുരം: 'കേര നീര'യുടെ പേരിൽ തട്ടിപ്പെന്ന് ആക്ഷേപം. കൃഷിവകുപ്പ് വിപണിയിലെത്തിക്കുന്ന 'കേര നീര'യുടെ ബോട്ടിലിൽ നിർമാതാക്കളുടെ പേര്, നിർമിച്ച തിയതി, ബാച്ച് നമ്പർ, ഉപയോഗ കാലാവധി, ഭക്ഷ്യസുരക്ഷാ ലൈസൻസ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൃഷിവകുപ്പിനുവേണ്ടി സംസ്ഥാന നാളികേര വികസന കോർപ്പറേഷനാണു 'കേര നീര' വിപണിയിലെത്തിക്കുന്നത്. ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകളിലൂടെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിങ് മെഷീനുകളിലൂടെയും ചില സ്വകാര്യ കച്ചവട സ്ഥാപനങ്ങളിലൂടെയുമാണ് നീര ബോട്ടിലുകളിലാക്കി വിപണിയിലെത്തിക്കുന്നത്.

200 മില്ലി ലിറ്റർ അളവിലുള്ള ഒരു ബോട്ടിൽ 'കേര നീര'ക്ക് 30 രൂപയാണു വില. അതിനിടെ കൃഷിവകുപ്പ് വിപണിയിലെത്തിക്കുന്ന നീര യഥാർഥ നീര അല്ലെന്ന് കേന്ദ്ര നാളികേര വികസന ബോർഡ് സാക്ഷ്യപ്പെടുത്തുന്നു.



നീര ശേഖരണത്തിനും സംസ്കരണത്തിനും ആവശ്യമായ സാങ്കേതിക വിദ്യയോ ഉപകരണ സംവിധാനങ്ങളോ സംസ്ഥാന കൃഷിവകുപ്പിനില്ല.

പരമ്പരാഗതരീതിയിൽ കള്ളുശേഖരിക്കുന്നതുപോലെയാണു കാർഷിക സർവകലാശാല നീരയും ശേഖരിക്കുന്നത്. ഇതിൽ കരിക്കിൻവെള്ളവും ജലവും പഞ്ചസാരയും കലർത്തുന്നുണ്ട്. ഇതോടെ നഷ്ടപ്പെടുന്ന നീരയുടെ സ്വാഭാവിക രുചിവ്യത്യാസം തിരിച്ചറിയാതിരിക്കാൻ കാർബണേറ്റ് ചെയ്താണ് വിപണിയിലെത്തിക്കുന്നതെന്നും നാളികേര വികസന ബോർഡ് ചെയർമാൻ ഡോ.ടി.കെ ജോസ് സുപ്രഭാതത്തോടു പറഞ്ഞു. നീര ശേഖരിക്കുന്നതിനുമുമ്പായി പുളിക്കാതിരിക്കാൻ ആന്റി ഫെർമന്റിങ് സൊല്യൂഷൻ ചേർക്കാറുണ്ട്. കാർബണേറ്റ് ചെയ്തു വിൽക്കുന്ന 'കേര നീര' കോള പോലെ ഒരു സോഫ്ട് ഡ്രിങ്ക് മാത്രമാണ്. കാർബണേറ്റ് ചെയ്യുന്നതോടെ നീരയുടെ രാസഘടനയിൽ വ്യത്യാസമുണ്ടാവുകയും കൂടുതൽ ഉപയോഗിക്കുന്നതു ആരോഗ്യത്തിനു ഹാനികരമാകുകയും ചെയ്യും. അതേസമയം, യഥാർഥ നീരയിൽ ശരീരത്തിനു ആവശ്യമായ മുഴുവൻ പോഷകഘടകങ്ങളും അടങ്ങിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതിനിടെ നീര വിപണനത്തിനുവേണ്ടി മാത്രമാണു കോടികളുടെ നഷ്ടത്തെതുടർന്നു പൂട്ടിക്കിടന്ന നാളികേര വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാർ പുനരുജ്ജീവിപ്പിച്ചതെന്ന ആക്ഷേപവും ശക്തമാണ്. ഗുണനിലവാരമില്ലെന്ന പരാതി വ്യാപകമായതോടെ 'കേര നീര' വിപണിയിൽ നിന്ന് പിൻവലിക്കാനും നീക്കം നടക്കുന്നുണ്ട്.

## കോർപ്പറേഷൻ ചെയ്യുന്നത് വിപണനം മാത്രം: എം.ഡി

വിവിധ കർഷക ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന നീര സംസ്കരിച്ച് കുപ്പിയിലാക്കുന്നത് കാർഷിക സർവകലാശാലയാണെന്നും പായ്ക്കറ്റുകളിലാക്കി തങ്ങൾക്കു കിട്ടുന്ന നീര വിപണനം ചെയ്യുകയാണു നാളികേര വികസന കോർപ്പറേഷൻ ചെയ്യുന്നതെന്നും മാനേജിങ് ഡയറക്ടർ അശോക് കുമാർ തെക്കൻ. തീയതിയില്ലാതെയാണു കേര നീര വിപണനം ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവ വിപണിയിൽനിന്നും പിൻവലിക്കാൻ നിർദേശം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

## നിർമിച്ച തിയതി നിർബന്ധം

പായ്ക്കറ്റുകളായി വിപണിയിലെത്തിക്കുന്ന ആഹാരപദാർഥങ്ങളിൽ അവ ഉൽപാദിപ്പിച്ച തിയതി നിർബന്ധമെന്ന് ഭക്ഷ്യസുരക്ഷാ കമ്മിഷണർ ടി.വി അനുപമ. പായ്ക്കറ്റ് ഭക്ഷ്യഉത്പന്നങ്ങൾക്കു ഫുഡ് സേഫ്ടി ലൈസൻസ് നിർബന്ധമാണ്.

നിബന്ധനകൾ പാലിക്കാത്ത ഭക്ഷ്യോത്പാദ കമ്പനികളിൽ നിന്നും ഒരുലക്ഷം രൂപവരെ പിഴ ഈടാക്കാൻ ഭക്ഷ്യസുരക്ഷാ നിയമത്തിൽ വ്യവസ്ഥയുണ്ടെന്നും അവർ പറഞ്ഞു.